district court.pdf
Size: 263.8 KB

11580/25/17-10-25

ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ പാരാലീഗൽ വളണ്ടിയർ അപേക്ഷ ക്ഷണിച്ചു.

DISTRICT AND SESSIONS COURT 17 OCT 2025 17402

ജില്ലാ കോടതി സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ പാരാ ലീഗൽ വളണ്ടിയർ ആയി സേവനം അനുഷ്ഠിക്കാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം, കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം, ക്രിമിനൽ പശ്ചാത്തലം പാടില്ല. നിസ്വാർഥ സേവകരായിരിക്കണം. രാഷ്ട്രീയ പാർട്ടികളിൽ സജീവമായി പ്രവർത്തിക്കുന്നവരാവരുത്. റിട്ട ഗവൺമെന്റ് ഉദ്യോഗസ്ഥർ, മുതിർന്ന പൗരന്മാർ, അദ്ധ്യാപകർ, ഡോക്ടർമാർ, നിയമ വിദ്യാർത്ഥികൾ, എം.എസ്.ഡബ്ല്യു വിദ്യാർത്ഥികൾ, അംഗൻവാടി ജീവനക്കാർ, രാഷ്ട്രീയ പാർട്ടികളിൽ സജീവമായി പ്രവർത്തിക്കാത്ത എൻജിഒ ക്ലബ്ബുകളിലെ അംഗങ്ങൾ, വനിതാ അയൽപക്ക ഗ്രൂപ്പുകൾ, മൈത്രി സംഘങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട/ദുർബല വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സ്വയം സഹായ ഗ്രൂപ്പുകൾ എന്നിവയിലെ അംഗങ്ങൾ, ജയിലുകളിൽ ദീർഘകാല തടവ് അനുഭവിക്കുന്ന വിദ്യാസമ്പന്നരായ നല്ല പെരുമാറ്റമുള്ള തടവുകാർ, ഡിഎൽഎസ്എ അല്ലെങ്കിൽ ടിഎൽഎസ്സി പിഎൽവികളായി തിരിച്ചറിയാൻ യോഗ്യരാണെന്ന് കരുതുന്ന മറ്റേതെങ്കിലും വ്യക്തി. സാമൂഹ്യ പ്രവർത്തകർ എന്നിവർക്കും അപേക്ഷിക്കാം. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഹോണറേറിയം ലഭിക്കുന്നതാണ്. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിൽ ഹൊസ്ദുർഗ്ഗ് താലൂക്ക് സർവീസസ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ബന്ധപ്പെടാം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി 05.11.2025 ന് വൈകിട്ട് 5 മണിവരെ ആണ്. വിലാസം: സെക്രട്ടറി (സിവിൽ ജഡ്ജ്/ സീനിയർ ഡിവിഷൻ) ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, ന്യായസേവാസദൻ, കോടതി സമുച്ചയം, വിദ്യാനഗർ, കാസറഗോഡ്, പിൻ: 671121, ഫോൺ: 04994 256189.

17/10.

Yours faithfully

Secretary/Civil Judge (Senior Division)
DLSA, Kasaragod

സ്ഥലം :വിദ്യാനഗർ
തീയതി :17.10.2025

To

For Publications in District Court Website